Draft #3 of File 12384/AC B2-1/2025/AC B 2 Approved by ASSISTANT REGISTRAR II (ACADEMIC) on 02-Apr-2025 01:29 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്വകാര്യ എയ്ഡഡ് കോളേജുകൾ - പാലാ സെന്റ് തോമസ് കോളേജ് - വിവിധ വിഷയങ്ങളിലെ അദ്ധ്യാപക തസ്തികയിലേക്ക് മാർച്ച് മാസം അവസാന തീയതികളിലും വെക്കേഷൻ കാലയളവിലും നൽകിയിട്ടുള്ള നിയമനാംഗീകാരത്തിന് മാറ്റം വരുത്തേണ്ടതില്ല എന്ന് തീരുമാനിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് ബി 2 സെക്ഷൻ**

നമ്പർ. 3112/AC B 2/2025/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 02.04.2025

---

*പരാമർശം:*-1. 31.01.2025 തീയതിയിലെ കോട്ടയം കോളേജ് വിദ്യാഭാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ DDKTM/1999/2024-B4 നമ്പർ കത്ത്.
2. 26.03.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ:ഒ.എ .11/25.03/12384/AC B2-1/2025.

**ഉത്തരവ്**

പാലാ സെന്റ് തോമസ് കോളേജിലെ ഇംഗ്ലീഷ്, ഹിസ്റ്ററി, സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്കൽ എഡ്യൂക്കേഷൻ എന്നീ വിഷയങ്ങളിലെ സ്ഥിരാദ്ധ്യാപക നിയമനം അധ്യയനവർഷത്തിന്റെ അവസാനകാലയളവിൽ മാർച്ച് അവസാന തീയതികളിലും വെക്കേഷൻ കാലയളവിൽ ഏപ്രിൽ, മെയ് മാസങ്ങളിലുമായാണ് നടത്തിയിട്ടുള്ളത് എന്നതിനാൽ പ്രസ്തുത അദ്ധ്യാപക നിയമനങ്ങളുടെ നിയമനാംഗീകാരം അടുത്ത അധ്യയന വർഷത്തിലെ ജൂൺ മാസത്തിലെ ആരംഭ തീയതിയിൽ പ്രാബല്യം നൽകി കൊണ്ട് പരിഷ്കരിച്ച് ഉത്തരവ് അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം കോട്ടയം കോളേജ് വിദ്യാഭാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സർവ്വകലാശാലയ്ക്ക് കത്ത് നൽകിയിരുന്നു .

പ്രസ്തുത ശിപാർശ പരിഗണിച്ച് 26.03.2025 തീയതിയിൽ കൂടിയ സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം, പരാമർശം (2) പ്രകാരം താഴെ പറയുന്ന തീരുമാനം കൈകൊണ്ടു.

"സർവ്വകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട്സ് , വർക്ക് ലോഡ് ഓർഡിനൻസ് എന്നിവയിൽ മാർച്ച് മാസത്തിൽ നടത്തുന്ന നിയമനങ്ങളുടെ അംഗീകാരം സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകൾ ഒന്നും തന്നെ പറയുന്നില്ല. എന്നാൽ മാർച്ച് 15- ന് ശേഷം നടത്തിയ നിയമനങ്ങൾ സംബന്ധിച്ച് ഡി. ഡി. ഓഫീസുകളിൽ നിന്ന് ലഭിച്ചിട്ടുള്ള നിർദേശമനുസരിച്ചു മുൻകാലങ്ങളിൽ നിയമന അംഗീകാരം തൊട്ടടുത്ത ജൂൺ ഒന്നിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. എന്നാൽ, സർവ്വകലാശാല വിജ്ഞാപനം 84727/ACA1 SO/2021 തീയതി 17.10.2021 പ്രകാരം 2022 ഏപ്രിൽ , മെയ് എന്നി മാസങ്ങൾ സർവ്വകലാശാലയിൽ കോവിഡ് സാഹചര്യം കണക്കിലെടുത്തു പ്രവൃത്തി ദിനങ്ങളായി പ്രഖ്യാപിച്ചിരുന്നത് പരിഗണിച്ചാണ് മാർച്ച് , ഏപ്രിൽ മാസങ്ങളിൽ നടത്തിയ നിയമനങ്ങൾക്കു സർവ്വകലാശാല അംഗീകാരം നൽകിയത്. ആയതിനാൽ, പ്രസ്തുത കാലയളവിൽ പാലാ സെന്റ് തോമസ് കോളേജിൽ നടത്തിയ അദ്ധ്യാപക നിയമന അംഗീകാരം മാറ്റി നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു. കൂടാതെ, 2023 മാർച്ച് 13- ന് നടത്തിയ നിയമനം മാർച്ച് 15 –ന് മുൻപാകയാൽ നിയമന അംഗീകാരം നൽകിയതിൽ മാറ്റം വരുത്തേണ്ടതില്ല എന്നും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മിനിമോൾ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ. തിരുവനന്തപുരം
2. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപഡയറ്കടർ, കോട്ടയം
3. മാനേജർ, സെന്റ് തോമസ് കോളേജ്, പാലാ
4. പ്രിൻസിപ്പൽ ഇൻ ചാർജ്ജ്, സെന്റ് തോമസ് കോളേജ്, പാലാ
5. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി, രജിസ്ട്രാറുടെ/പരീക്ഷ കോൺട്രോളറുടെ പി.എ.
7. പി ആർ ഓ വിഭാഗം/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
8. ഐ.ക്യൂ.എ.സി / ഡി.സി.ഡി.സി.
9. എസി.സി 1 / 2 സെക്ഷനുകൾ/ ആക്ഷൻ ടേക്കൺ റിപ്പോർട്ട്
10. റെക്കോർഡ്സ് വിഭാഗം / കരുതൽ ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 12384/AC B2-1/2025/AC B 2 Approved by ASSISTANT REGISTRAR II (ACADEMIC) on 02-Apr-2025 01:29 PM - Page 2